LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി

268 (617) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചാത്തന്നൂരിലെ വഞ്ചിക്ലേമൈൻസ് വക ഭൂമി കേഡസ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാട്ടക്കാരൻ പാട്ടവ്യവസ്ഥകൾ ലംഘിച്ചാണ് ഭൂമി കൈവശം വച്ചിരിക്കുന്നുവെന്നതിനാൽ പാട്ടം റദ്ദു ചെയ്ത ഭൂമി തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ട് ചാത്തന്നൂർ കേന്ദ്രീകരിച്ചുള്ള ആക്ഷൻ കൗൺസിൽ അപേക്ഷ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; അന്വേഷണത്തിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സർക്കാർ ഇക്കാര്യം അന്വേഷിച്ചു വരുന്നു.

മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ്

269 (618) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റിന്റെ ചേർത്തല യൂണിറ്റ് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് പ്രവർത്തനം പുനരാംഭിച്ചതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത യൂണിറ്റിന്റെ ഉത്പാദന ക്ഷമത എത്രയാണ് ; യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ക്ലിങ്കർ-ന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത യൂണിറ്റിൽ നിന്നുമാത്രം പ്രതിവർഷം പ്രതീക്ഷിക്കുന്ന ലാഭം എത്രയാണ് ;